# M.J.S.S.A. വാർഷിക പരീക്ഷ 2020

**JSSLC** **Answerkey** **Marks 100**

**Note :** ചോദ്യപേപ്പർ, പാഠപുസ്തകം, ഉത്തര സൂചിക എന്നിവയുമായി ഒത്ത് നോക്കണം

1. യാഹ്വിസ്റ്റ് 2. സങ്കീർത്തനങ്ങൾ 3. 27 4. റോമർ 5. യോഹന്നാൻ ശ്ലീഹ 6. അന്ത്യോഖ്യ

7. അന്നാഫോറ 8. കർത്താവിന്റെ സഹോദരനായ യാക്കോബ് 9. അർമീനിയ 10. നഫ്താലി **10x1=10**

11. സിൽവാനോസ് 12. വി.പൗലോസ് 13. മക്കാബ്യർ 14. ബറൂക്ക്

15. എൽഫർണസ് 16. ശലോമോൻ 17. കൽക്കിദോൻ 18. കെയ്റോ/ ഈജിപ്തിലെ കെയ്റൊ

19. മോർ മത്തായിയുടെ ദയറ / മോർ ബർസൗമായുടെ ദയറ 20. ഇംഗ്ലണ്ട് **10x1=10**

21. ശരി 22. ശരി 23. തെറ്റ് 24. ശരി 25. ശരി 26. തെറ്റ് 27. തെറ്റ് 28. ശരി 29. തെറ്റ് 30. ശരി **10x1=10**

31. അന്ത്യോഖ്യ 32. വി.പൗലോസിന്റെ 33. ആത്മാവ് 34. ഇഗ്നാത്തിയോസ് നൂറോനൊ 35. മൽക്കിസദേക്കിന്റെ 36. മെനലിക് 37. പരിശുദ്ധൻ 38. മനുഷ്യപുത്രൻ 39. വി.യോഹന്നാൻ 40. മദ്ധ്യസ്ഥൻ **10x1=10**

41. വാങ്ങിപ്പോയവർ 42. മോശ 43. ശോശപ്പ 44. ഈജിപ്റ്റ് 45. എ.ഡി. 459 46. മിലാൻ വിളമ്പരം

47. ക്രിസ്ത്യാനികൾ 48. തീത്തോസ് 49. ആഗൂർ 50. ബെതുലിയ **10x1=10**

51. ആവർത്തനം 52. സഭാപ്രസംഗി/ സഭാപ്രസംഗകൻ 53. പാപപരിഹാര പ്രാർത്ഥന

54. അപേക്ഷകൾ 55. ശ്രേഷ്ഠ പിതാവെ 56. പദവി **6x1=6**

57. ദൈവത്തിന്റെ മാലാഖ പൗലോസിനോട്, 58. അബ്രാഹാം ദാസനോട് ,

59. കർത്താവ് അബ്രാഹാമിനോട് / ദൈവം അബ്രാഹാമിനോട് **3x2=6**

60. ''നിന്റെ പിതാക്കന്മാർ പണ്ട് മുതൽക്കേ നിശ്ചയിച്ചിട്ടുള്ള അതിര് നീ മാറ്ററുത്.''

(സദൃശ്യവാക്യങ്ങൾ 22:27)

61. ''ദരിദ്രന്മാരോടുള്ള കരുണയും ബന്ധവും നിങ്ങൾ മറക്കരുത്. എന്തെന്നാൽ ഇതുപോലുള്ള ബലികളാലാകുന്നു ഒരുവൻ ദൈവത്തെ പ്രീതിപ്പെടുത്തുന്നത് '' (എബ്രായർ 13:16) **2x3=6**

**ഖണ്ഡിക എഴുതുക (2 എണ്ണം)** **2x4=8**

62. എ.ഡി.457 ൽ കാലം ചെയ്ത മോർ ബർസൗമ സ്ഥാപിച്ച ദയറാ യാണ് പ്രമുഖമായ മറ്റൊരു ദയറാ. വളരെ വ്രതനിഷ്ഠനായിരുന്ന ഇദ്ദേഹം എല്ലാവരാലും ആദരിക്കപ്പെട്ടിരുന്നു. അദ്ദേഹം ഒരു മെത്രാപ്പോലീത്തായായിരുന്നില്ലെങ്കിലും അക്കാലത്തുണ്ടായിരുന്ന മിക്ക മെത്രാപ്പോലീത്തമാരേക്കാളും ഇദ്ദേഹം ബഹുമാനിക്കപ്പെട്ടിരുന്നു. എവുത്തിക്കോസിന്റെ വിശ്വാസ വിപരീതത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് 449 ൽ എഫേസോസിൽ കൂടിയ സുന്നഹദോസിലേക്ക് തേവോദോസ്യോസ് ചക്രവർത്തി അദ്ദേഹത്തെ പ്രത്യേകം ക്ഷണിച്ചിരുന്നു. ആ സുന്നഹദോസിൽ സംബന്ധിച്ച മേല്പട്ടക്കരനല്ലാത്ത ഒരേ ഒരു വ്യക്തി അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ വിശുദ്ധി അംഗീകരിച്ച സഭ ബർസൗമ ഒരു മെത്രാപ്പോലീത്തയല്ലാതിരുന്നിട്ടും മരിച്ചുപോയ പിതാക്കന്മാരെ ഓർക്കുന്ന 5-ാം തുബ്ദേനിൽ അദ്ദേഹത്തിന്റെ പേർ ഉൾപ്പെടുത്തി. എട്ടാം നൂറ്റാണ്ടു മുതൽ (ചില ചരിത്രകാരന്മാർ ഒൻപത് എന്നു പറയുന്നു) 1293 വരെ നമ്മുടെ പാത്രിയർക്കീസ് ബാവാമാർ വസിച്ചിരുന്നത് ഈ ദയറായിലാണ്. നമ്മുടെ സഭയുടെ ചരിത്രമെഴുതിയ സുറി യാനിക്കാരനായ മീഖായേൽ (Michael the Syrian) ഇവിടെയാണ് വസിച്ചിരുന്നത് (1166-99) മപ്രിയാന സ്ഥാനമേൽക്കുന്നതിനു മുമ്പ് ബാർ എബ്രായ താമസിച്ചിരുന്നതും ഇവിടെത്തന്നെ ആയിരുന്നു. പതിനാലാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ബർസൗമായുടെ ദയറാ കുർദ്ദു വംശജരാൽ നശിപ്പിക്കപ്പെട്ടു. പിന്നീട് അത് പുനരുദ്ധരിക്കപ്പെട്ടില്ല. (പേജ് 111)

63.1.മ്ശിഹായെപ്പറ്റി നേരിട്ട് ബന്ധിപ്പിക്കുന്നവ, 2.മ്ശിഹായെപ്പറ്റി വ്യക്തമായി പ്രവചിക്കുന്നവ, 3.മ്ശിഹായെപ്പറ്റി പരോക്ഷമായി പ്രവചിക്കുന്നവ, 4.പുനരാഗമനത്തെപ്പറ്റി സൂചിപ്പിക്കുന്നവ, 5.മ്ശിഹായിൽ പൂർത്തിയായ പ്രവചനങ്ങൾ (പേജ് 12)

64.1. മറ്റുള്ളവർക്ക് മാതൃകയായിരിക്കണം (2 :11,12), 2. അധികാരങ്ങൾക്ക് കീഴ്പ്പെട്ടിരിക്കണം. (2:13,18), 3. ഉത്തമമായ ഭാര്യാ-ഭർത്തൃബന്ധം (3:1-7), 4. ക്രിസ്തുവിന്റെ നാമത്തിൽ കഷ്ടം അനുഭവിക്കുന്നത് ഭാഗ്യമായി കരുതി വിശുദ്ധ ജീവിതം നയിക്കുന്നവർ ആയിരിക്കണം. (3:8-4:19), 5. പുരോഹിതന്മാരുടെ ചുമതലകൾ (5:1-4) 6. യുവാക്കന്മാരുടെ ചുമതലകൾ (5:5-8) (പേജ് 61)

65. ഗീതം പൂരിപ്പിക്കുക (ക്ലാസ്സ് 9, പേജ് 82 ) **1X6=6**

നിൻ വത്സലർ പന്തിരുശ്ലീഹർ പ്രാർത്ഥനമൂലം
വാഴ്ത്തുക നാഥാ കൃപയാലേ പന്തി-രു മാസങ്ങൾ
വന്നീടുക കാലാകാലം വേനൽ, വർഷം
നന്മകൾ നാഥൻ നൽകട്ടെ, വിളഭൂ-മികൾ വിളവും
ഫലമൂലാ-ദികൾ വളരാനായി
വാഴ്വേറും-വൃഷ്ടിയുമേകണമേ
നിർദ്ധനരവശർ ഭക്ഷിച്ച് നിൻസ്തു-തി പാടട്ടെ

66. പ്രാർത്ഥന – (ക്ലാസ്സ് 9, ഭാഗം 1 പേജ് 1 ) *1x8=8*

അത്യുന്നതങ്ങളിൽ സ്വർഗ്ഗത്തിലെ മാലാഖമാരും പ്രധാന മാലാഖമാരും സ്തുതിക്കുന്നതുപോലെ ബലഹീനരും മണ്മയരുമായ ഞങ്ങളും സ്തുതിച്ചു പറയുന്നു.

എല്ലാക്കാലവും എല്ലാസമയത്തും ഉയരങ്ങളിൽ ദൈവത്തിന് സ്തുതിയും, ഭൂമിയിൽ സമാധാനവും നിരപ്പും, മനുഷ്യമക്കൾക്ക് നല്ല ശരണവുമുണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു; സ്തുതിയുടെ ശബ്ദം നിനക്കു ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവായ ദൈവവും സ്വർഗ്ഗീയ രാജാവും സ്രഷ്ടാവുമായ കർത്താവേ ! നിന്നെയും, യേശുമ്ശിഹായായ ഏകപുത്രനായിരിക്കുന്ന ദൈവമായ കർത്താവേ ! പരിശുദ്ധ റൂഹായോടു കൂടെ നിന്നെയും നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തുതിക്കുന്നു.

പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടായ ദൈവമായ കർത്താവേ ! ഞങ്ങളോട് കരുണ ചെയ്യേണമെ.

ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനും തന്റെ പിതാവിന്റെ വലത്തുഭാഗത്തു മഹത്വത്തോടു കൂടി ഇരിക്കുന്നവനായുള്ളോവേ! നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊണ്ട് ദയതോന്നി ഞങ്ങളോട് കരുണ ചെയ്യണമെ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പിതാവായ ദൈവത്തിന്റെ മഹത്വത്തിനു പരിശുദ്ധ റൂഹായോടുകൂടെ യേശുമ്ശിഹായായ നീ മാത്രം കർത്താവുമാകുന്നു. ആമ്മീൻ

or

മേലുള്ള ഉയരങ്ങളിൽ സ്വർഗ്ഗീയ മാലാഖമാരും ......കർത്താവാകുന്നു. ആമ്മീൻ

**ഉപന്യാസം (ഒരെണ്ണം)** **1x10=10**

67. **ആമുഖം**

കർത്താവിന്റെ രണ്ടാമത്തെ വരവിന് ഗ്രീക്ക് ഭാഷയിൽ പറൂസീയ എന്നാണ് പറയുന്നത്. രാജാക്കന്മാരുടേയും മറ്റും ഔദ്യോഗിക എഴുന്നള്ളത്തിനാണ് ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. പുതിയനിയമത്തിൽ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത് യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെ വ്യക്തമാക്കാനാണ്.

**I രണ്ടാം വരവിനെപ്പറ്റിയുള്ള പ്രസ്താവനകൾ**

**1.പിതാവിന്റെ മഹത്വത്തിൽ വരും**

എന്തെന്നാൽ മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ വി.മാലാഖമാരോടുകൂടി വരുവാനിരിക്കുന്നു. (വി.മത്താ.16:27, 25:31, വി.മർക്കോ. 8:38, വി.ലൂക്കോ 9:26)

**2.വാനമേഘങ്ങളിൽ വരും**

മനുഷ്യപുത്രൻ വലിയ ശക്തിയോടും മഹത്വത്തോടും കൂടി വാനമേഘങ്ങളിൽ വരും (വി.മത്താ.24:30, 26:64, വി.മർക്കോ.13:26, വി.ലൂക്കോ. 21:27)

**3.കള്ളനെപ്പോലെ വരും**

മോഷ്ടിക്കാൻ വരുന്ന കള്ളൻ മുൻകൂട്ടി അറിയിക്കാതെ പെട്ടെന്ന് വരുന്നതുപോലെ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് തികച്ചും അപ്രതീക്ഷിതമായിരിക്കും (1 തെസ്സലോനിക്യർ. 5:2)

**4.മാലാഖമാരുടെ അകമ്പടിയോടെ വരും (വി.മത്താ. 25:31)**

മനുഷ്യപുത്രൻ തന്റെ സകല വിശുദ്ധ മാലാഖമാരുമായി തന്റെ മഹത്വത്തിൽ വന്ന് മഹത്വ സിംഹാസനത്തിൽ ഇരിക്കും

**II വരവിന്റെ ഉദ്ദേശ്യം**

**1.വാഗ്ദത്ത പൂർത്തീകരണത്തിന് (വി.യോഹ. 14:3)**

നിങ്ങൾക്കായി സ്ഥലമൊരുക്കുവാൻ ഞാൻ പോകുന്നു. ഞാൻ പോയാൽ നിങ്ങൾക്കായി ഞാൻ സ്ഥലമൊരുക്കും. വീണ്ടും ഞാൻ വരും. എന്റെ അടുക്കലേക്ക് നിങ്ങളെ ഞാൻ കൂട്ടിക്കൊണ്ടുപോകും.

**2.തിരഞ്ഞെടുക്കപ്പെട്ടവരെ കൂട്ടിചേർക്കാൻ (വി.മത്താ. 24:31)**

താൻ തിരഞ്ഞെടുക്കപ്പെട്ടവരെ ആകാശത്തിന്റെ അറ്റം മുതൽ അറ്റം വരെ നാല് കാറ്റുകളിൽ

നിന്നുമായി കൂട്ടിച്ചേർക്കും.

**3.ജാതികളെ ന്യായംവിധിക്കാൻ (വി.മത്താ. 25:31–32)**

ഇടയൻ ചെമ്മരിയാടുകളെ കോലാടുകളിൽ നിന്നും വേർതിരിക്കുന്നതുപോലെ അവൻ അവരെ തമ്മിൽ വേർതിരിക്കും. ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ തന്റെ ഇടത്തും നിർത്തും.

**4.ഓരോരുവനും പ്രവൃത്തിക്കനുസരിച്ച് പ്രതിഫലം കൊടുക്കുവാൻ. (വി.മത്താ. 16:27)**

അപ്പോൾ അവൻ ഓരോ മനുഷ്യനും തന്റെ പ്രവൃത്തികൾ അനുസരിച്ച് പ്രതിഫലം നൽകും.

**5.മരിച്ചവരെ ഉയിർപ്പിക്കുവാൻ (1 തെസ്സലോനികൃർ 4: 13–17)**

മ്ശിഹായിൽ മരിച്ചവർ ആദ്യം ഉയിർക്കും. അപ്പോൾ ജീവിച്ച് ശേഷിച്ചിരിക്കുന്ന നാം ആകാശത്തിൽ നമ്മുടെ കർത്താവിനെ എതിരേൽപ്പാനായി അവരോടൊരുമിച്ച് മേഘങ്ങളിൽ എടുക്കപ്പെടും.

**III രണ്ടാം വരവിന്റെ സമയം**

രണ്ടാം വരവിന്റെ കൃത്യസമയം കർത്താവ് പറഞ്ഞിട്ടില്ല. എന്നാൽ ചില സൂചനകൾ തന്നിട്ടുണ്ട്.

**1.ആ സമയം അജ്ഞാതമാണ് (വി.മത്തായി. 24:27,36)**

ആ ദിവസത്തെക്കുറിച്ചും ആ നാഴികയെക്കുറിച്ചും പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ മാലാഖമാർ പോലും അറിയുന്നില്ല

**2.ഭൂലോകമെങ്ങും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കപ്പെടണം. (വി.മത്തായി 24:14)**

സർവ്വ ജാതികളുടേയും സാക്ഷ്യത്തിനായി ഭൂലോകമെങ്ങും രാജ്യത്തിന്റെ ഈ സുവിശേഷം പ്രസംഗിക്കപ്പെടും, അപ്പോൾ അന്ത്യം വരും

**3.അധമ മൂർത്തി പ്രത്യക്ഷപ്പെട്ടശേഷം (2 തെസ. 2:3)**

ആദ്യമെ വിശ്വാസത്യാഗം സംഭവിക്കുകയും നാശത്തിന്റെ പുത്രനായ പാപത്തിന്റെ മനുഷ്യൻ പ്രത്യക്ഷപ്പെടുകയും ചെയ്യും.

**4.നോഹയുടെ കാലം പോലെ സംഭവിക്കും. (മത്തായി 24:37,47)**

നോഹയുടെ കാലം എപ്രകാരമായിരുന്നോ അപ്രകാരമായിരിക്കും മനുഷ്യപുത്രന്റെയും വരവ്.

**IV വിശ്വാസികളുടെ ഒരുക്കം**

കർത്താവിന്റെ രണ്ടാമത്തെ വരവ് അപ്രതീക്ഷിതവും പെട്ടെന്നുമുള്ളതാകയാലും ആ സമയത്തെക്കുറിച്ച് മനുഷ്യർക്ക് യാതൊരു നിശ്ചയവുമില്ലാത്തതിനാലും വിശ്വാസികൾ അനുഷ്ഠിക്കേണ്ട ചില സംഗതികളുണ്ട്.

**1.ആകാംക്ഷയോടെ നോക്കിപ്പാർത്തിരിക്കണം (1 കോരി. 1:7)**

''നിങ്ങളോ നമ്മുടെ കർത്താവേശു മ്ശിഹായുടെ പ്രത്യക്ഷതയ്ക്കായി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു.''

**2.ഒരുക്കമുള്ളവരായിരിക്കണം (വി. മത്തായി. 24:44)**

''നിങ്ങൾ വിചാരിക്കാത്ത നാഴികയിൽ മനുഷ്യ പുത്രൻ വരുമെന്നതിനാൽ നിങ്ങളും ഒരുങ്ങിയിരിപ്പിൻ.''

**3.കർമ്മ നിരതരായിരിക്കണം. (വി. ലൂക്കോ. 19:13–27)**

രാജത്വം പ്രാപിക്കാനായി ദൂരദേശത്തേക്ക് പോയ ഒരു മനുഷ്യൻ താൻ തിരികെ വരുവോളം വ്യാപാരം ചെയ്യുന്നതിനായി കുറെ പണം തന്റെ ദാസന്മാരെ ഏല്പിച്ചുകൊണ്ട് അവരോട് പറഞ്ഞു ''ഞാൻ വരുന്നതുവരെ വ്യാപാരം ചെയ്തു കൊള്ളുവിൻ.'' ചിലർ അവന്റെ വാക്ക് അനുസരിച്ചു. ചിലർ ധിക്കരിച്ചു. പ്രതീക്ഷിക്കാത്ത സമയത്ത് യജമാനൻ വന്ന് ഓരോരുത്തരുടേയും കണക്ക് പരിശോധിച്ചു. ഓരോരുത്തർക്കും അവരവരുടെ പ്രവൃത്തിക്കനുസരിച്ച് പ്രതിഫലം നൽകി. അലസരായി വ്യാപാരം ചെയ്യാതിരുന്നവരെ ശിക്ഷിച്ച് പുറത്തെ അന്ധകാരത്തിലേക്ക് തള്ളിക്കളയുകയും ചെയ്തു. കർത്താവിന്റെ രണ്ടാമത്തെ വരവ് വരെ വിശ്വാസികൾ കർമ്മനിരതരായിരിക്കണമെന്ന് കർത്താവ് പറഞ്ഞ ഉപമയിലെഈ ഭാഗം വ്യക്തമാക്കുന്നു.

**4.വരവിനായി പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. (വെളി. 22:20)**

''അതേ കർത്താവായ യേശുവെ, വേഗം വരണമെ.'' ഇതായിരിക്കണം വിശ്വാസികളുടെ പ്രാർത്ഥന. **(വി.മത്തായി. 25:13)** – ''ആകയാൽ ആ ദിവസവും ആ സമയവും നിങ്ങൾക്കറിഞ്ഞുകൂടാത്തതിനാൽ നിങ്ങൾ ഉണർന്നിരിപ്പിൻ.'' (പേജ് 73)

അല്ലെങ്കിൽ

**സഭയുടെ ലക്ഷണങ്ങൾ**

വി. സഭയുടെ ലക്ഷണത്തെക്കുറിച്ച് വിശ്വാസപ്രമാണത്തിന്റെ 3–ാം ഖണ്ഡികയിൽ പറയുന്നുണ്ട്. കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു. ഇതിൽ നിന്നും നാല് കാര്യങ്ങൾ വ്യക്തമാണ്.

**1.സഭ കാതോലികം ആണ്**

കാതോലികം എന്നതിന് സാർവ്വത്രികം എന്നാണ് അർത്ഥമാക്കേണ്ടത്.

**2.വി. സഭ ശ്ലൈഹികമാണ്**

ശ്ലീഹന്മാരിൽ തലവനായ വി. പത്രോസ് ശ്ലീഹായുടെ ദൈവപുത്രനിലുള്ള അചഞ്ചലമായ വിശ്വാസമെന്ന പാറമേൽ ആണ് കർത്താവ് സഭയെ പണിതിരിക്കുന്നത്. കർത്താവ് നട്ടതും അപ്പൊസ്തലന്മാരും അവരുടെ പിൻഗാമികളായ പിതാക്കന്മാരും പരിപാലിച്ചു പോന്നതുമായ സഭയാണ് ഇത്. കർത്താവിന്റെ കല്പനകൾ മുഴുവനും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല. (വി.യോഹ.21:25). ഉയിർത്തെഴുന്നേറ്റ കർത്താവ് ശിഷ്യന്മാർക്ക് പിന്നേയും അനേക സംഗതികൾ പഠിപ്പിക്കുകയും ദൃഷ്ടാന്തങ്ങൾ കാണിച്ചു കൊടുക്കുകയും ചെയ്തു. (അപ്പ.പ്രവൃ.1:2–3). ഇതും വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ

വക കാര്യങ്ങളൊക്കെ ശിഷ്യന്മാർ തന്റെ പിൻഗാമികൾക്ക് വാമൊഴിയായി പകർന്നു കൊടുത്തു. അത് ഇന്നുവരെയും സഭയിൽ നിലനിൽക്കുന്നു. ഇതിനെയാണ് വി. പാരമ്പര്യങ്ങൾ എന്ന് പറയുന്നത്. അപ്പൊസ്തലിക കാലത്തോളം പഴക്കമുള്ളതും അപ്പൊസ്തലന്മാരാൽ നയിക്കപ്പെട്ടതുമായ സഭയായതു കൊണ്ടാണ് ഇതിനെ അപ്പൊസ്തലിക സഭ എന്ന് പറയുന്നത്.

**3.വി. സഭ ഏകമാണ്**

ദൈവം ഏകനാണ്. കർത്താവായ യേശുക്രിസ്തുവും ഏകനാണ്. വി. റൂഹായും ഏകനാണ്. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവമായ കർത്താവും ഏകനാണ്. ശ്ലീഹന്മാരിൽ തലവനായ വി.പത്രോസ് ശ്ലീഹ ഏറ്റുപറഞ്ഞ ദൈവപുത്രനിലുള്ള അചഞ്ചലമായ വിശ്വാസ പ്രഖ്യാപനം കൂട്ടു ശ്ലീഹന്മാർക്ക് കൂടി വേണ്ടിയുള്ള ഏറ്റുപറച്ചിലാണ്. കാരണം യേശുവിന്റെ ചോദ്യം തന്റെ ശിഷ്യസമൂഹത്തോടാണ്. പത്രോസിനോട് മാത്രമായിട്ടായിരുന്നില്ല. യേശു ഫിലിപ്പിന്റെ കൈസര്യ പ്രദേശത്ത് എത്തിയശേഷം തന്റെ ശിഷ്യന്മാരോട് 'ജനങ്ങൾ മനുഷ്യപുത്രനെ ആരെന്ന് പറയുന്നു എന്ന് ചോദിച്ചു ...... നിങ്ങളോ എന്നെ ആരെന്ന് പറ യുന്നു.' എന്നു ചോദിച്ചു. ആ ചോദ്യം ശിഷ്യസമൂഹത്തോട് എല്ലാവരോടുമായി ചോദിച്ചതാണ്. ശീമോൻ പത്രോസ് ശിഷ്യന്മാർക്ക് വേണ്ടി ഉത്തരം പറഞ്ഞു. 'അങ്ങു ജീവനുള്ള ദൈവത്തിന്റെ പുത്രനായ മ്ശിഹാ ആകുന്നു.' മറ്റ് ശിഷ്യന്മാർ അതു നിഷേധിച്ചതുമില്ല. വി.പത്രോസിന്റെ മറുപടി യേശു അംഗീകരിച്ചു. തുടർന്ന് സയെ പറ്റിയുള്ള കല്പനകൾ നൽകുന്നു. (വി.മത്താ.16:13-20). അങ്ങനെ ലോകത്തിലുള്ള ഏതൊരു അപ്പൊസ്തലിക സഭക്കും വി.പത്രോസ് ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം തന്നെയാണുള്ളത്. ആചാരാനുഷ്ഠാനങ്ങൾക്കും ഭാഷാരീതികൾക്കും കാലദേശങ്ങൾ അനുസരിച്ച് വിവിധ രാജ്യങ്ങളിലെ സഭയ്ക്ക് ചില വ്യത്യാസങ്ങൾ ഉണ്ടായിരിക്കാമെങ്കിലും ദൈവത്തിലും ദൈവപുത്രനായ യേശു ക്രിസ്തുവിലുമുള്ള വിശ്വാസം ഏകമാണ്. അതുപോലെ തന്നെ സഭ ക്രിസ്തുവിന്റെ ശരീരമായിരിക്കുന്നതുകൊണ്ടും വിവിധ ദേശങ്ങളിലും കാലങ്ങളിലുമുള്ള വിശ്വാസികളെല്ലാം ക്രിസ്തു ശരീരത്തിന്റെ ഭാഗമായിരിക്കുന്നതുകൊണ്ടും വി. സഭ ഏകമാണ്.

**4.സഭ വിശുദ്ധമാണ്**

സഭയുടെ സ്ഥാപകനും തലവനുമായ ദൈവമായ കർത്താവ് വിശുദ്ധനായിരിക്കുന്നതുകൊണ്ട് (ലേവ്യ. 19 : 2; ലൂക്കോ. 1:35) അവിടുന്നു സ്ഥാപിച്ച സഭയും വിശുദ്ധമാണ്. സഭയുടെ തലയായ കർത്താവ് എങ്ങനെയായിരിക്കുന്നുവോ അങ്ങനെ തന്നെയായിരിക്കണം അവിടുത്തെ ശരീരമാകുന്ന സഭയും 'നിങ്ങൾ ദൈവത്തിന്റെ ആലയം ആകുന്നുവെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു' വെന്നും വി. പൗലോസ് ശ്ലീഹ പറയുന്നു. ദൈവത്തിന്റെ ആത്മാവായ വി. റൂഹ വസിക്കുന്നിടം വിശുദ്ധമാണ്. ആകയാൽ സഭയും വിശുദ്ധമാണ്. (പേജ് 95)

(റാങ്ക് പേപ്പറുകളിൽ ബൈബിൾ റഫറൻസ് നിർബന്ധമായും ഉണ്ടായിരിക്കണം)